# ക്വട്ടേഷൻ

RBDCK/ T 154/Vol.II/Quotation/48/2020 തീയതി: 30.10.2020

കൊല്ലം ജില്ലയിൽ മാളിയേക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനുവേണ്ടി കൂടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താത്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 1. | കെട്ടിടങ്ങളുടെ ഉദ്ദേശവില | : 3,11,232/- രൂപ |
| 2. | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : 15 ദിവസം |
| 3. | ഫോറം ലഭ്യത | : 02.11.2020 to 09.11.2020<br>(10.00 AM മുതൽ 3.00 PM വരെ) |
| 4. | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | : 10.11.2020 (സമയം 11 AM മണി വരെ) |
| 5. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : ആർ.ബി.ഡി.സി.കെ. ആഫീസ് |
| 6. | ക്വട്ടേഷൻ തുറക്കൽ | : 10.11.2020. (സമയം 03.00 PM മണി) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 0484 – 2338205, 2338206

sd/-
മാനേജിംഗ് ഡയറക്ടർ
ആർ.ബി.ഡി.സി.കെ

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി - 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## നിബന്ധനകൾ

1. മാളിയേക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ക്വട്ടേഷൻ പ്രമാണം ആർ.ബി.ഡി.സി.കെ. ഓഫീസിൽ നിന്നും, ആർ.ബി.ഡി.സി.കെ. വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷൻ പ്രമാണം, ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പിയോട് കൂടി മുദ്ര വെച്ച കവറിൽ നിർദിഷ്ട അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. <u>നടപടി ക്രമം</u>

   ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ കുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

3. വിജയിക്കുന്നയാൾ ടെണ്ടർ തുകയും മേൽത്തുകയുടെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. 10% അധികത്തുക പദ്ധതി സ്ഥലത്തുനിന്നും സമയപരിധിക്കുള്ളിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്. കെട്ടിടങ്ങൾ സമയപരിധിക്കുള്ളിൽ പൊളിച്ച് നീക്കം ചെയ്തില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും അതിനാലെ കെട്ടിടങ്ങൾ എടുത്ത ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. ഈ തുക തികയാതെ വരികയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക വസൂലാക്കുന്നതുമാണ്.

4. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതനോടെ അപ്പോൾ മുതൽ മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശവും കെട്ടിടങ്ങുടെ സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്ത്വങ്ങളും ആർ.ബി.ഡി.സി.കെ. ഏറ്റെടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

5. കരാർ ഉറപ്പിച്ച് 15 ദിവസത്തിനകം പൊളിച്ചു മാറ്റുന്നതിനായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾ, അടയാളപ്പെടുത്തിയ അളവിൽ ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകൾക്കോ യതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാത നീക്കം ചെയ്യേണ്ടതാണ്. കെട്ടിടങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

6. ഭാഗീകമായി പൊളിക്കുന്ന കെട്ടിടങ്ങൾ ഇലക്ട്രിക് കട്ടറുകൾ ഉപയോഗിച്ച്, ബാക്കിയാകുന്ന ഭാഗത്തിന് യോതൊരുവിധ കേടുപാടുകളും ഇല്ലാത്ത രീതിയിൽ പൊളിക്കേണ്ടതാണ്. നാശനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരൻ സ്വന്തം ചെലവിൽ അതു പരിഹരിക്കേണ്ടതാണ്.

7. മേൽ പ്രവർത്തിക്കുവേണ്ടി കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെയും, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കരാറുകാരൻ ഉൾപ്പെടെയുള്ളവരുടെയും സുരക്ഷയും വേതനവും, ഇഎസ്ഐ, പിഎഫ് തുടങ്ങിയ നിയമാനുസൃത അടവുകളും പൂർണമായും കരാറുകാരന്റെ ചുമതലയാണ്. അപകട നഷ്ട പരിഹാരം വ്യവഹാര ചിലവുകൾ തുടങ്ങി ആർ.ബി.ഡി.സി.കെ.യ്ക്ക് എന്തെങ്കിലും ചിലവുകൾ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായാൽ അവ കരാറുകാരൻ മടക്കി നൽക്കേണ്ടതാണ്.

8. കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ഏതെങ്കിലും നാശനഷ്ട ങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് കരാറുകാരൻ വഹിക്കേണ്ടതായിരിക്കും.

9. പ്രൈസ് ബിഡിൽ ഓരോ വസ്തുവിനും വാഗ്ദാനം ചെയ്യുന്ന തുക രേഖപ്പെടുത്തേണ്ടതാണ്.

10. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറു കാരൻ ബാധ്യസ്ഥനായിരിക്കും.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരി ക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയതി:

## അനുബന്ധം-ബി

**റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാളിയേക്കൽ മേൽപ്പാലം-കെട്ടിടങ്ങളുടെ ലിസ്റ്റ് & പ്രൈസ് ബിഡ്**

| ക്രമ നം. | കെട്ടിടങ്ങളുടെ വിവരങ്ങൾ | തുക (നികുതി അടക്കം) (Rs.) |
|---|---|---|
| 1 | ശ്രീ. അബ്ദുൾ അസീസിന്റെ ചുറ്റുമതിലും ഗേറ്റും | |
| 2 | ശ്രീ. ഗോപാലകൃഷ്ണൻ പിള്ളയുടെ ചുറ്റുമതിലും ഗേറ്റും | |
| 3 | ശ്രീ. ജയകൃഷ്ണൻ പിള്ളയുടെ കെട്ടിടവും ട്രസും ഉൾപ്പെടെ | |
| 4 | മോഡൽ പോളിടെക്നിക് കോളേജിന്റെ ചുറ്റുമതിലും, ഗേറ്റും, പാർക്കിംഗ് ഷെഡും ഉൾപ്പെടെ | |
| 5 | ശ്രീമതി. മുംതാസ്/ നിസ്സാം-ന്റെ കെട്ടിടവും, ചുറ്റുമതിലും, ഗേറ്റും | |
| 6 | ശ്രീ. എം.അൻസാറിന്റെ ചുറ്റുമതിലും | |
| 7 | ശ്രീമതി. ലൈഗി തോമസിന്റെ ചുറ്റുമതിലും, ഗേറ്റും | |
| 8 | വെയർ ഹൗസ്-ന്റെ കെട്ടിടവും, ചുറ്റുമതിലും ഗേറ്റും | |
| 9 | ശ്രീമതി. സൈനബ ബീവിയുടെ കെട്ടിടവും, ഷെഡും സെപ്റ്റിക് ടാങ്കും | |
| | **ആകെ തുക (നികുതി അടക്കം)** | |

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയതി: